# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5768 — 29.07.2015 ന് മറുപടിയ്ക്ക്.

## ആനവേട്ടയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
|---|---|
| (എ) മലയാറ്റൂർ വനം ഡിവിഷനിലെ ആനവേട്ടയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിൽ എത്ര പേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) മലയാറ്റൂർ ഡിവിഷനിൽ ആനകളെ വേട്ടയാടി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ അന്വേഷണം നടന്നു വരുന്നു. ഇതുവരെ 26 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ്സിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എത്ര പേർക്കെതിരെ ഏതൊക്കെ കുറ്റങ്ങൾക്കാണ് നടപടി എടുത്തിട്ടുള്ള-തെന്നും വ്യക്തമാക്കുമോ; | (ബി) ടി കേസ്സുകളുമായി ബന്ധപ്പെട്ട് മലയാറ്റൂർ ഡിവിഷനിൽ 4 ഉദ്യോഗസ്ഥരെ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ-1, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ-1, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ-1, ബീറ്റ് ഫോറസ്റ്റ് ഓഫീസർ-1) അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാണ് ടി ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്. |
| (സി) കുറ്റകൃത്യം കണ്ടെത്തി കേസ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) കുറ്റകൃത്യം യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിച്ച ജീവനക്കാർക്കെതിരെ നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ടി കേസുകളുമായി ബന്ധപ്പെട്ട് യഥാസമയം തുടർ നടപടികൾ സ്വീകരിക്കാത്തതും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതുമായ ജീവനക്കാർക്കെതിരെ മാത്രമാണ് നടപടി എടുത്തിട്ടുള്ളത്. |
| (ഡി) ആനവേട്ടയുമായി ബന്ധപ്പെട്ട കുറ്റകൃത്യം കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഏതു സന്ദർഭത്തിലാണെന്നും വ്യക്തമാക്കുമോ; | (സി) മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാണ് ആനവേട്ടയുമായി ബന്ധപ്പെട്ട് |

ഒ.ആർ.2/2015 കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആനവേട്ടയുമായി നേരിൽ ബന്ധമുള്ള ഒരു പ്രതി നേരിട്ട് ഹാജരായി മൊഴി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് കേസ്സ് രജിസ്റ്റർ ചെയ്തത്. ആനവേട്ടയുമായി ബന്ധപ്പെട്ട് തുടർന്ന് തുണ്ടത്തിൽ റെയിഞ്ചിലെ ഇടമലയാർ സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാണ് ടി സ്റ്റേഷനിലെ ഒ.ആർ.1/2015, ഒ.ആർ.3/2015 എന്നീ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഇ) ആനവേട്ടക്കേസിൽ സമർപ്പിച്ചിട്ടുള്ള പ്രഥമ വിവര റിപ്പോർട്ടുകളുടെയും മഹസ്സറിന്റെയും കോപ്പികൾ ലഭ്യമാക്കുമോ;

(ഇ) ബന്ധപ്പെട്ട രേഖകൾ കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്.

(എഫ്) ആനവേട്ട സംബന്ധിച്ച് വനം വകുപ്പിന്റെ വിജിലൻസ്, ഇന്റലിജൻസ് വിഭാഗങ്ങൾ ഇതിനുമുമ്പ് എന്തെങ്കിലും രഹസ്യ വിവരങ്ങളോ, സൂചനകളോ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) 19.06.2015-ലെ വി.ഇ 9-26490/15 നമ്പർ കത്ത് പ്രകാരം വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് വിവരം നല്കിയിരുന്നു.

(ജി) വിവരങ്ങൾ നൽകിയിരുന്നില്ലെങ്കിൽ ഈ സംഭവം ആ വിഭാഗങ്ങളുടെ വീഴ്ചയായി കണക്കാക്കാമോ; ആന വേട്ടയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കുറ്റങ്ങൾ ഏതുകാലം മുതൽ ആരംഭിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

(ജി) ഉത്തരം (എഫ്) പ്രകാരം വിവരങ്ങൾ നൽകിയിരുന്നു. മേൽ കേസുകളുമായി ബന്ധപ്പെട്ട്, കണ്ടെത്തിയ ആനകളുടെ ജഡാവശിഷ്ട ഭാഗങ്ങൾ ഫോറൻസിക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ പ്രസ്തുത കുറ്റകൃത്യങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ